ഡിപ്പാർട്ട്മെന്റ് വിജിലൻസ് ഓഫീസറുടെ മേൽനോട്ടത്തിൽ എല്ലാ ജില്ലകളിലേയും സ്പെഷ്യൽ ബ്രാഞ്ച് ഡി.വൈ.എസ്.പി.-മാരെ വിജിലൻസ് ഓഫീസർമാരായി നിയമിച്ചുകൊണ്ട് കർശനമായ നടപടികൾ സ്വീകരിച്ച് വരുന്നു. ഇതിന്റെ ഭാഗമായി പൊതുജനങ്ങൾക്കിടയിൽ അഴിമതി വിരുദ്ധ ബോധവൽക്കരണം നടത്തുന്നതിലേയ്ക്കായി പോലീസ് ഉദ്യോഗസ്ഥർ പോലീസ് സേവനങ്ങൾക്കായി പൊതുജനങ്ങളിൽ നിന്നും പണമോ, പാരിതോഷികമോ ആവശ്യപ്പെടുന്നതും സ്വീകരിക്കുന്നതും കുറ്റകരമാണെന്നും, ഇത്തരം സംഭവങ്ങൾ ഉണ്ടായാൽ പൊതുജനങ്ങൾ പ്രസ്തുത വിവരം ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റ് വിജിലൻസ് ഉദ്യോഗസ്ഥനെയോ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥനെയോ അറിയിക്കണമെന്നും അറിയിപ്പ് നൽകിയിട്ടുണ്ട്. കൂടാതെ ബന്ധപ്പെട്ട വിജിലൻസ് ഉദ്യോഗസ്ഥരുടെ വിലാസവും ടെലിഫോൺ നമ്പരും സൂചിപ്പിക്കുന്ന ബോർഡുകൾ പോലീസ് സ്റ്റേഷൻ തുടങ്ങി മറ്റ് എല്ലാ പോലീസ് ഓഫീസുകളിലും പ്രദർശിപ്പിച്ച് വരികയും ചെയ്യുന്നുണ്ട്.

സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം

*22 [22] ശ്രീ. വി. കെ. ചന്ദ്രൻ:

,, എ. കെ. ബാലൻ:

,, മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസുകളിൽ മതിയായ പ്രാതിനിധ്യം ലഭിക്കാത്ത പിന്നോക്ക വിഭാഗങ്ങൾക്കായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഏതെങ്കിലും സമുദായത്തിന് സർക്കാർ സർവ്വീസുകളിൽ മതിയായ പ്രാതിനിധ്യം ലഭിച്ചിട്ടില്ലെന്ന് സർക്കാർ കരുതുന്നുണ്ടോ;

(സി) പിന്നോക്ക വിഭാഗങ്ങൾക്കായി സ്പെഷ്യൽ റിക്രൂട്ട്മെന്റ് ഏർപ്പെടുത്തുന്നത് സംബന്ധിച്ച സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ;

(ഡി) പിന്നോക്ക സമുദായ ക്ഷേമവകുപ്പ് ഇത് സംബന്ധിച്ച് എന്തെല്ലാം നിലയിലുള്ള പഠന റിപ്പോർട്ടുകളാണ് പരിഗണിച്ചു വരുന്നതെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ):

(എ) പിന്നോക്ക വിഭാഗങ്ങളിലെ ജീവനക്കാരുടെ പ്രാതിനിധ്യം സംബന്ധിച്ച പഠനം നടത്തിയ ജസ്റ്റിസ് ശ്രീ. കെ. കെ. നരേന്ദ്രൻ ചെയർമാനായുള്ള കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് വിശദമായ ചർച്ചയ്ക്കായി നിയമസഭയുടെ മേശപ്പുറത്ത് വച്ചിരിക്കുകയാണ്.

(ബി) നരേന്ദ്രൻ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിൽ മതിയായ പ്രാതിനിധ്യം ലഭിക്കാത്ത പിന്നോക്ക വിഭാഗങ്ങളെ സംബന്ധിച്ച കണക്കുകൾ നൽകിയിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ചുവരുന്നതേയുള്ളൂ.

(സി ആന്റ് ഡി) പിന്നോക്ക വിഭാഗങ്ങളിലെ ജീവനക്കാരുടെ പ്രാതിനിധ്യം സംബന്ധിച്ച പഠനം നടത്തിയ ജസ്റ്റിസ് ശ്രീ. കെ. കെ. നരേന്ദ്രൻ ചെയർമാനായുള്ള കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് വിശദമായ ചർച്ചയ്ക്കായി നിയമസഭയുടെ മേശപ്പുറത്ത് വച്ചിരിക്കുകയാണ്. സുപ്രീം കോടതിയിൽ കേസ് നിലവിൽ ഉള്ളതു കൊണ്ടും അതുകാരണം നിയമ പ്രശ്നങ്ങൾ ഉണ്ടെന്നതും പരിഗണിച്ച് ബന്ധപ്പെട്ടവരുമായി ചർച്ചചെയ്ത് സമവായമുണ്ടാക്കേണ്ടതുണ്ട്.

മാലിന്യ നിർമ്മാർജ്ജനം

*23 [23] ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു നിരത്തുകളിൽ മാലിന്യങ്ങൾ വലിച്ചെറിയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് ഫലപ്രദമായി തടയുന്നതിനുവേണ്ടി സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) മാലിന്യ നിക്ഷേപ കേന്ദ്രങ്ങളിൽ മാലിന്യങ്ങൾ കൃത്യമായി ശേഖരിച്ച് നിർമ്മാർജ്ജനം ചെയ്യുന്നതിന് കുറ്റമറ്റ സംവിധാനം ഏർപ്പെടുത്തുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കുട്ടി അഹമ്മദ്കുട്ടി):

(എ) ഉണ്ട്.

(ബി) മാലിന്യ നിക്ഷേപ കേന്ദ്രങ്ങളിലല്ലാതെ പൊതുസ്ഥലങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് 1994-ലെ കേരള മുനിസിപ്പൽ ആക്ടിലെ 340-ാം വകുപ്പ് പ്രകാരം നിരോധിച്ചിട്ടുണ്ട്. പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly